**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 250** **01-03-2023 - ൽ മറുപടിയ്ക്ക്**

**മാതൃക ഉത്തരവാദിത്ത ടൂറിസം വില്ലേജ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ ,<br>ഡോ സുജിത് വിജയൻപിള്ള,<br>ശ്രീ ജി സ്റ്റീഫൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മാതൃക ഉത്തരവാദിത്ത ടൂറിസം വില്ലേജ് പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; | (എ) | അനുകരണീയമായ രീതിയിൽ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന ഗ്രാമങ്ങളെ വളർത്തിക്കൊണ്ടു വരുന്ന പദ്ധതിയാണ് മാതൃകാ ഉത്തരവാദിത്ത ടൂറിസം വില്ലേജ് പദ്ധതി. കോട്ടയം ജില്ലയിലെ അയ്മനം, തിരുവാർപ്പ് പഞ്ചായത്തുകളിലും കണ്ണൂർ ജില്ലയിലെ കോൾതുരുത്തി, പാമ്പുരുത്തി, മലപ്പട്ടം, തെക്കുമ്പാട്, ഏഴോം പ്രദേശങ്ങളും, കാസർഗോഡ് ജില്ലയിലെ വലിയ പറമ്പ, പാലക്കാട് ജില്ലയിലെ വെള്ളിനേഴി, പെരുവെമ്പ പ്രദേശങ്ങളും, തൃശ്ശൂർ ജില്ലയിലെ ചെറുതുരുത്തി പ്രദേശവും, കോഴിക്കോട് ജില്ലയിലെ കടലുണ്ടി, ഒളവണ്ണ എന്നീ പ്രദേശങ്ങളും ആണ് ഈ പദ്ധതി നടത്തിപ്പിനായി പ്രാരംഭ ഘട്ടത്തിൽ തെരഞ്ഞെടുത്തിരുന്നത്. ഈ പ്രദേശങ്ങളിലെല്ലാം തന്നെ ആദ്യ ഘട്ട പ്രവർത്തനങ്ങൾ ആർ.ടി. മിഷൻ നടത്തിയിട്ടുണ്ട്.<br><br>2021-22 സാമ്പത്തിക വർഷം പുതുതായി കോട്ടയം ജില്ലയിലെ നീണ്ടൂർ, ആർപ്പൂക്കര, എഴുമാൻതുരുത്ത്, എറണാകുളം ജില്ലയിലെ ഏഴിക്കര എന്നീ പ്രദേശങ്ങൾ 'മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമങ്ങൾ' പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിരുന്നു. ഇവിടങ്ങളിലെ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലാണ്.<br><br>'മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമങ്ങൾ' പദ്ധതിയിലൂടെ കേരളത്തിലെ ആദ്യ മാതൃക ഉത്തരവാദിത്ത ടൂറിസം ഗ്രാമം ആയി പ്രഖ്യാപിക്കപ്പെട്ട അയ്മനം, നിർബന്ധമായും കണ്ടിരിക്കേണ്ട ടൂറിസം കേന്ദ്രമായി പ്രസിദ്ധ ട്രാവൽ പ്രസിദ്ധീകരണമായ 'കോണ്ടെ നാസ്റ്റ് ട്രാവലർ' 2022 ൽ പ്രഖ്യാപിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | അധിക നിക്ഷേപം വേണ്ടാത്ത വിനോദസഞ്ചാര മേഖലകളിൽ അതത് പ്രദേശത്തെ സ്ത്രീകളെ കൂടുതൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേക പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; | (ബി) | ഉത്തരവാദിത്ത ടൂറിസം മിഷന്റെ "എക്സ്പീരിയൻസ് എത്തിക്/ലോക്കൽ ക്യുസീൻ നെറ്റ്‌വർക്ക് ", എന്ന പദ്ധതി കേരളത്തിന്റെ തനത് വിഭവങ്ങൾ സഞ്ചാരികൾക്ക് പരിചയപ്പെടുത്തുന്നതിനോടൊപ്പം സാധാരണക്കാരായ വീട്ടമ്മമാരെ ടൂറിസം മേഖലയുമായി ബന്ധിപ്പിച്ച് വരുമാനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചതാണ്.<br><br>സ്ത്രീ സൗഹൃദ ഉത്തരവാദിത്ത വിനോദ സഞ്ചാര കേന്ദ്രങ്ങളും സ്ത്രീ ശാക്തീകരണവും-ടൂറിസത്തിലൂടെ സ്ത്രീശാക്തീകരണം എന്നത് ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പിലാക്കി വരുന്ന കാര്യമാണ്. സമൂഹത്തിലെ തികച്ചും സാധാരണക്കാരായ സ്ത്രീകളെ കൂടുതലായി ടൂറിസം രംഗത്തേക്ക് ആകർഷിച്ചുകൊണ്ട് ടൂറിസം മേഖലയിലെ സ്ത്രീ പങ്കാളിത്തം ഉയർത്തുന്നതിനും, തികച്ചും സ്ത്രീ സൗഹൃദമായ ടൂറിസം കേന്ദ്രങ്ങൾ രൂപീകരിക്കുന്നതിനുമുള്ള വിവിധ അടിസ്ഥാന പ്രവർത്തനങ്ങൾ ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തി വരുന്നു. ഇതിന്റെ ഭാഗമായി എക്സ്ക്ലൂസീവ് വിമൺ ടൂറുകൾ നടത്തുന്ന വിവിധ യൂണിറ്റുകൾ ഉത്തരവാദിത്ത ടൂറിസം മിഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സ്ത്രീകൾ നയിക്കുന്ന ഹോംസ്റ്റേകൾ, സ്ത്രീകളുടെ സുവനീർ യൂണിറ്റുകൾ എന്നിങ്ങനെ വിവിധ സ്ത്രീ കേന്ദ്രീകൃത പ്രവർത്തനങ്ങൾ ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തി വരുന്നു. ഇവയെല്ലാം ഏകോപിപ്പിച്ച്, ഒരു സ്ത്രീ സൗഹൃദ ടൂറിസം നെറ്റ്‌വർക്ക് രൂപീകരിക്കുന്നതിന് വേണ്ട നടപടികൾ ഉത്തരവാദിത്ത ടൂറിസം മിഷൻ ചെയ്തു വരുന്നു. |
| (സി) | കാർഷിക പ്രവർത്തനങ്ങളെ വിനോദസഞ്ചാര മേഖലയുമായി ബന്ധിപ്പിക്കുന്നതിന് പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) | ഉത്തരവാദിത്ത ടൂറിസം മിഷന്റെ അഗ്രി ടൂറിസം നെറ്റ്‌വർക്ക് ടൂറിസം വകുപ്പിന്റെ കാർഷിക രംഗത്തുള്ള ഒരു പ്രധാന പദ്ധതിയാണ്. ഫാം ടൂറിസം പ്രവർത്തനങ്ങളെ കൂടുതൽ ജനകീയമാക്കുന്നതിനും, പ്രസ്തുത പ്രവർത്തനങ്ങളിലേക്ക് കൂടുതൽ ആളുകളെ പങ്കാളികളാക്കുന്നതിനുമായാണ് ഉത്തരവാദിത്ത ടൂറിസം മിഷന്റെ കീഴിൽ ‘ കേരള അഗ്രി ടൂറിസം നെറ്റ്‌വർക്ക്” എന്ന പദ്ധതി 2021 സെപ്തംബർ മാസം ആരംഭിച്ചത്. അഞ്ച് വിഭാഗങ്ങളിലായാണ് ടി യൂണിറ്റുകൾ വരുന്നത്.<br><br>കാറ്റഗറി 1- പുരയിടത്തിലെ കൃഷി - 25 സെന്റ് വരെ (ടെറസ് ഗാർഡനുകൾ ഉൾപ്പെടെ) - കാർഷിക ഉൽപ്പന്നങ്ങളുടെ വിൽപ്പന ശൃംഖലയിൽ ഉൾപ്പെടുത്തും.<br><br>കാറ്റഗറി 2- ഫാം വിസിറ്റ് യൂണിറ്റുകൾ- 25 സെന്റ് മുതൽ 1 ഏക്കർ വരെ- ഉൽപ്പന്ന വിൽപ്പനയ്ക്കും ഫാം |

| | | | |
|---|---|---|---|
| | | | സന്ദർശനത്തിനുമായി നെറ്റ്‌വർക്കിൽ ഉൾപ്പെടുത്തും.<br><br>കാറ്റഗറി 3- ഫാം ആക്ടിവിറ്റി സെന്ററുകൾ- 1 ഏക്കർ മുതൽ 10 ഏക്കർ വരെ- വിവിധ കൃഷി സംബന്ധമായ പ്രവർത്തനങ്ങൾ, മിയാവാക്കി വനങ്ങൾ, ഫാം റെസ്റ്റോറന്റുകൾ, ഉൽപ്പന്ന വിൽപ്പന ഔട്ട് ലെറ്റ്, മൂല്യവർദ്ധിത കാർഷിക ഉൽപ്പന്നങ്ങൾ തുടങ്ങിയവ.<br><br>കാറ്റഗറി 4- ഫാം സ്റ്റേകൾ - താമസ സൗകര്യവും ഹോംസ്റ്റേ/ഗൃഹസ്ഥലി/സർവീസ്ഡ് വില്ലകൾ/ ടെന്റ് അക്കോമഡേഷൻ യൂണിറ്റുകൾ എന്നിവയിൽ ഏതിലെങ്കിലും ടൂറിസം വകുപ്പിന്റെ ക്ലാസ്സിഫിക്കേഷൻ/ തദ്ദേശ സ്വയം ഭരണ സ്ഥാപന ലൈസൻസ് ഉള്ള ഫാമിംഗ് യൂണിറ്റുകൾ ഈ വിഭാഗത്തിൽ വരുന്നു.<br><br>കാറ്റഗറി 5- ഫാം ടൂറിസം സെന്റർ- 10 ഏക്കർ മുതൽ 50 ഏക്കർ വരെ - ഗ്രീൻ ഫാംസ് കേരള നിയമങ്ങൾ പ്രകാരമുള്ള യൂണിറ്റുകൾ.<br><br>സംസ്ഥാന വ്യാപകമായി നടന്നു വരുന്ന ഈ പദ്ധതിയുടെ ഭാഗമായി 15- ദിന ഓൺലൈൻ പരിശീലനം നടന്നു. പരിശീലനം പൂർത്തിയാക്കിയ ഫാമുകളിൽ ആർ.ടി. മിഷൻ പരിശോധന നടത്തിയ ശേഷം യോഗ്യമായ വിഭാഗത്തിൽ ഉൾപ്പെടുത്തി സർട്ടിഫിക്കറ്റ് നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ